(ഡി) ജി.ഒ. (പി) 412/69/പൊ.വി.വ. എന്ന ഉത്തരവിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നതുസംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി മൂന്നംഗ ഔദ്യോഗിക കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. റാങ്ക് ലിസ്റ്റ്

47(2955) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

ആരും പ്രവർത്തിക്കുന്നില്ല.

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

48(2956) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ നാല് വർഷമായി സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് എത്രയും വേഗം ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം നിലനിന്നിരുന്ന സ്ഥിരം തസ്തികകളിലെ മരണം, രാജി, പ്രൊമോഷൻ, വിരമിക്കൽ എന്നിവമൂലമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകി ശമ്പളം ലഭിക്കുന്നുണ്ട്. എന്നാൽ അധിക തസ്തികകളിലെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം

49(2957) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളം മീഡിയം സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

തീരുമാനം കൈക്കൊണ്ടിട്ടില്ല.

പ്ലസ് സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

50(2958) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്ലസ്ടു സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡത്തിന് രൂപം നൽകിയത് ആരാണ് ; ആയത് അംഗീകരിച്ചത് എന്നായിരുന്നു ;

(ബി) സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ നോട്ടിഫൈ ചെയ്തുകൊണ്ട് അപേക്ഷ ക്ഷണിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ;

(സി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകിയ എല്ലാ സ്കൂളുകൾക്കും അധിക ബാച്ചുകൾക്കും അനുമതി നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ എത്രയെണ്ണത്തെ ഒഴിവാക്കുകയുണ്ടായി ;

(ഡി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകാത്ത എത്ര സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി ?

ഉത്തരം

(എ) 11-6-2013-ലെ സ.ഉ.(കൈ) നമ്പർ185/13/പൊ.വി പ്രകാരം സർക്കാരാണ് പുതുതായി പ്ലസ്സ് സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly